പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5019 — 23/3/2018 ൽ മറുപടിക്ക്

## ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.എം. സ്വരാജ്: — അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പു മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ; | എ) | സംസ്ഥാനത്ത് ആട്ട വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പാറശ്ശാല, അട്ടപ്പാടി, കൊമ്മേരി എന്നിവിടങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ ആട് ഫാമുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ജേഴ്സി ഫാം വിതുര, ജേഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ് ചെറ്റച്ചൽ, കടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, ഹൈടെക് ഡയറി ഫാം കരിയോട്ടുമല എന്നീ കന്നുകാലി ഫാമുകളോടനുബന്ധിച്ച് ആട് വളർത്തൽ യൂണിറ്റുകളും പ്രവർത്തിയ്ക്കുന്നുണ്ട്. ഇവിടങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ആട്ടിൻകുട്ടികളെ കർഷകരുടെ ആവശ്യാനുസരണം മുൻകൂർ ബുക്കിംഗിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തിവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം യൂണിറ്റൊന്നിനു (5 പെണ്ണാട്+1 മുട്ടനാട് ) 25000/- രൂപ വീതം സബ്സിഡി നൽകി സംസ്ഥാനമൊട്ടാകെ 920 സാറ്റലൈറ്റ് ആട്ടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു. 2018-19 സാമ്പത്തിക വർഷം യൂണിറ്റൊന്നിനു (5 പെണ്ണാട്+1 മുട്ടനാട്) 25000/- രൂപ വീതം സബ്സിഡി നൽകി സംസ്ഥാനമൊട്ടാകെ 1200 സാറ്റലൈറ്റ് ആട്ടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇവിടങ്ങളിൽ ഉത്പാദിപ്പിക്കുന്ന ആട്ടിൻകുട്ടികളെ കർഷകരുടെ ആവശ്യാനുസരണം വിതരണം നടത്തുന്നതാണ്. 2018-19 ൽ അനിമൽ റിസോഴ്സ് ഡെവലപ്പ്മെന്റ് എന്ന നൂതന പദ്ധതി പ്രകാരം യൂണിറ്റൊന്നിനു (19 പെണ്ണാട് +1മുട്ടനാട്) ഏകദേശം 1 ലക്ഷം രൂപ സബ്സിഡി നൽകി സംസ്ഥാനമൊട്ടാകെ 200 ഓളം യൂണിറ്റുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | |
|---|---|---|
| ബി) | കൂടുതൽ യുവാക്കളെ ഇതിലേക്ക് ആകർഷിക്കുന്നതിലേക്കായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | **ബി) &സി)**<br>ഉണ്ട്. വ്യവസായികാടിസ്ഥാനത്തിലുള്ള ആട് വളർത്തലിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി സെമിനാറൊന്നിനു 105000/- രൂപ ചെലവഴിച്ച് 22 സംരംഭക സെമിനാറുകൾ 2017-18 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെ നടത്തി. 2018-19 ൽ നടപ്പുസാമ്പത്തിക വർഷത്തെ മാതൃകയിൽ തന്നെ സംരംഭക സെമിനാറുകൾ നടത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള 9 ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ വഴി ആട് വളർത്തലിൽ സൗജന്യ പരിശീലന പരിപാടികൾ സംരംഭകർക്കായി നൽകി വരുന്നു. |
| സി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | |

സെക്ഷൻഓഫീസർ